# CHANDRIKA - 19-03-2025




*നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ എ.ആർ.എസ് ചടങ്ങിൽ സംസാരിക്കുന്നു.*

## മത്സ്യമേഖലയിലെ സംരംഭ സാധ്യതകൾ തുറന്നുകാട്ടി സിഫ്റ്റ് അക്വാബിസ് 2.0

കൊച്ചി: കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർ ഇന്ന് പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ സംഘടിപ്പിച്ചു.

അഗ്രി ഇന്നോവേറ്റ് ഇന്ത്യ, ഐ സി എ ആർ ഐപി & ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അക്വാബിസ് 2.0 ലക്ഷ്യമിടുന്നത്. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ, എ.ആർ.എസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

ഐ സി എ ആർ സിഫ്റ്റിൽ നിന്നും പരിശീലനം ലഭിച്ച് സംരംഭകരായ സിവ ഇക്കോസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും സി.ഇ.ഒയുമായ നിഖിൽ ദേവ്; ഫിഷ് ഐയുടെ സീനിയർ സെയിൽസ് മാനേജർ മുഹമ്മദ് ഷെരീഫ്; സരിൻ ഗൗർമെറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും ഡയറക്ടറുമായ സൗരവ് പി. സതീഷ് എന്നിവർ സെമിനാറിൽ തങ്ങളുടെ സംരംഭക അനുഭവങ്ങൾ പങ്കുവെച്ചു. സി.എം.എഫ് ആർ.ഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. എ പി ദിനേശ് ബാബു , അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് സി.ഇ.ഒ ഡോ. പ്രവീൺ മാലിക്; അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം ആനന്ദ് മോഹൻ അവസ്തി; അഗ്രിഇന്നോവേറ്റ് ബിസിനസ് മാനേജർ ശ്രീ. ധ്രുവ വി. സി.; സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. സി.ഒ. മോഹൻ, ഡോ. യു. പാർവതി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. ഏകദേശം 200 ഓളം പേർ പങ്കെടുത്ത സെമിനാറിൽ ഐ സി എ ആറിന്റെ കീഴിലുള്ള മൽസ്യ മേഖല ഗവേഷണ സ്ഥാപനങ്ങളും സംരംഭകരും വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളും ഉത്പന്നങ്ങളും പ്രദർശിപ്പിച്ചു.